**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2433** **07-07-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയ നടപടി സംസ്ഥാനത്തിന്റെ വരുമാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി. കോവിഡ് ലോക്ക് ഡൗൺ സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരം കൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കും എന്നാണ് കണക്കാക്കുന്നത്. |
| (ബി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്ന സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടഞ്ഞ് ജി.എസ്.ടി. നികുതി പിരിവ് കൂടുതൽ കർശനവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് സ്വീകരിച്ചു വരുന്നു. വിവര സാങ്കേതിക വിദ്യ നികുതി പിരിവിൽ കൂടുതലായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി. കൂടുതൽ ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ വിഭാഗം കൂടുതൽ |

| | | | |
|---|---|---|---|
| | | | ശക്തമാക്കുകയും ചെയ്തു. കൂടാതെ സൈബർ ഫോറൻസിക്, ഡാറ്റ അനലിറ്റിക്സ്, ANPR മോണിറ്ററിങ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ ജി.എസ്.ടി. നിയമത്തിന് അനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>2021 സെപ്റ്റംബറിൽ കൂടിയ നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ യോഗം, 2022 ജൂലൈ-ക്കു ശേഷം ജി.എസ്.ടി. നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് ആവശ്യമായ രീതിയിൽ ജി.എസ്.ടി. നിയമം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ട നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ